compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 നവംബർ 25
Tuesday, 25th November 2025

1201 വൃശ്ചികം 9
9th Vrischikam 1201

1947 അഗ്രഹായനം 4
4th Agrahayana 1947

വാല്യം 14
Vol. XIV

നമ്പർ 47
No.

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKLM/332/2024-I. 2025 നവംബർ 14.

അഷ്ടമുടി കായലിൽ സ്ഥിതി ചെയ്യുന്ന തുരുത്ത് പാടിലെ ആഗസ്റ്റിൻ അൽഫോൺസ് മോറിസ്, കേളപ്പിള്ളത്തോപ്പ്, ശക്തികുളങ്ങര എന്നയാളുടെ പേരിൽ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ശ്രീ. നോർബർട്ട്, കുരിശ്ശടിതുരുത്ത്, മുക്കാട് എന്നയാളുടെ പേരിൽ പ്രമാണം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1,2,3,4 എന്നീ നാല് ഊന്നിവലപ്പാടുകൾ 2024 സെപ്റ്റംബർ രണ്ടിന് ഒന്നാം പുസ്തകം 727 വാല്യം 203 മുതൽ 210 വരെ വശങ്ങളിൽ 1328 നമ്പരായി ഉള്ള വിലയാധാര പ്രകാരം കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ ശക്തികുളങ്ങര ചേരിയിൽ പുത്തൻതുരുത്തിൽ ക്രിസ്തുജയന്തി ഭവനയിൽ അൽഫോൺസ് മകൻ മത്സ്യ തൊഴിലാളിയായ ശ്രീ. റോയി പേർക്ക് കൈമാറ്റം ചെയ്ത് പ്രമാണം രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ളതാണ്. ശ്രീ. റോയി ശക്തികുളങ്ങര മത്സ്യ ഗ്രാമത്തിലെ 3292 നമ്പർ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയാണ്. ശ്രീ. റോയി സ്വന്തം പേരിൽ രജിസ്റ്റർ ചെയ്ത് ലഭിച്ച കൊല്ലം കോർപ്പറേഷൻ പരിധിയിലെ റീ സർവ്വേ ബ്ലോക്ക് 1, റീ സർവ്വേ നമ്പർ 38, റീ സർവ്വേ സബ് ഡിവിഷൻ 1 (പഴയ സർവ്വേ നമ്പർ 2) 03 ആർ 24 ച. മീറ്റർ വിസ്തീർണ്ണത്തിലുള്ള അഷ്ടമുടി കായൽ ഭാഗത്ത് സ്ഥിതി ചെയ്യുന്ന തുരുത്ത്പ്പാടിലെ 1,2,3,4 എന്നീ നാല് ഊന്നിവലപ്പാടുകൾ ടിയാന്റെ പേരിലേക്ക് പോക്കുവരവ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകുവാൻ അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പഴയ സർവ്വേ 2-ൽ ഉൾപ്പെട്ടതും റീ സർവ്വേ 38/1-ൽ ഉൾപ്പെട്ടതുമായ അഷ്ടമുടി കായലിലെ 03 ആർ 24 ച. മീറ്റർ അഷ്ടമുടി കായൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന തുരുത്ത്പ്പാടിലെ 1,2,3,4 എന്നീ നമ്പർ നാല് ഊന്നി വലപ്പാടുകൾ ശ്രീ. റോയി, ക്രിസ്തുജയന്തി ഭവൻ, പുത്തൻതുരുത്ത്, ശക്തികുളങ്ങര എന്നയാളുടെ പേരിലേക്ക് പോക്കുവരവ് ചെയ്ത് നൽകുന്നതിനെതിരെ ന്യായമായ പരാതിയുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടുമാസത്തിനുള്ളിൽ ഈ ഓഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും തന്നെയില്ല എന്ന് കണക്കാക്കി ടിയാന്റെ പേരിൽ തുരുത്ത്പ്പാടിലെ 1,2,3,4 എന്നീ നമ്പർ നാല് ഊന്നിവലപ്പാടുകൾ പോക്കുവരവ് ചെയ്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കൊല്ലം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKLM/126/2025-I. 2025 നവംബർ 3.

അഷ്ടമുടി കായലിൽ സ്ഥിതി ചെയ്യുന്ന തുരുത്ത്പ്പാടിലെ ശ്രീമതി മാർഗ്രേറ്റ് w/o നോർബർട്ട് കുരിശടിതുരുത്ത് മുക്കാട് എന്നവരുടെ പേരിൽ പ്രമാണം ചെയ്തിട്ടുള്ള 5,6,7 എന്നീ മൂന്ന് ഊന്നിവലപ്പാടുകൾ സെപ്റ്റംബർ 17-ന് 2025-ൽ ഒന്നാം പുസ്തകം 866-ാം വാല്യം 151 മുതൽ 157 വരെ വശങ്ങളിൽ 1524 നമ്പരായിയുള്ള വിലയാധാര പ്രകാരം കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ ശക്തികുളങ്ങര ചേരിയിൽ പുത്തൻതുരുത്തിൽ ക്രിസ്തുജയന്തി ഭവനിൽ റോയി മകൻ ശ്രീ. രാഹുൽ റോയിയുടെ പേർക്ക് പ്രമാണം ചെയ്ത് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതാണ്. ശ്രീ. രാഹുൽ റോയ് സ്വന്തം പേരിൽ പ്രമാണം ചെയ്ത് ലഭിച്ച കൊല്ലം കോർപ്പറേഷനിലെ റീ സർവ്വേ ബ്ലോക്ക് 1 റീ സർവ്വേ നമ്പർ 38 റീ സർവ്വേ സബ് ഡിവിഷൻ 1 (പഴയ സർവ്വേ 2) 02 ആർ 43 ച. മീറ്റർ വിസ്തീർണത്തിലുള്ള അഷ്ടമുടി കായൽ ഭാഗത്ത് സ്ഥിതിചെയ്യുന്ന തുരുത്ത്പ്പാടിലെ 5,6,7 എന്നീ ഊന്നി വലപ്പാടുകൾ പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പഴയ സർവ്വേ 2-ൽ ഉൾപ്പെട്ടതും റീ സർവേ 38/1-ൽ ഉൾപ്പെട്ടതുമായ 02 ആർ 43 ച. മീറ്റർ അഷ്ടമുടി കായൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന തുരുത്ത്പ്പാടിലെ 5,6,7 എന്നീ നമ്പർ മൂന്ന് ഊന്നിവലപ്പാടുകൾ ശ്രീ. രാഹുൽ റോയ് ക്രിസ്തുജയന്തി ഭവൻ, പുത്തൻതുരുത്ത് ശക്തികുളങ്ങര എന്നയാളുടെ പേരിൽ പോക്കുവരവ് ചെയ്ത് നൽകുന്നതിനെതിരെ ന്യായമായ പരാതിയുള്ള പക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടുമാസത്തിനുള്ളിൽ ഈ ഓഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും തന്നെയില്ല എന്ന് കണക്കാക്കി അഷ്ടമുടി കായലിലെ തുരുത്ത്പ്പാടിലെ 5,6,7 എന്നീ നമ്പർ മൂന്ന് ഊന്നിവലപ്പാടുകൾ ശ്രീ. രാഹുൽ റോയി ക്രിസ്തുജയന്തി ഭവനം പുത്തൻതുരുത്തിൽ ശക്തികുളങ്ങര എന്നയാളുടെ പേരിൽ പോക്കുവരവ് ചെയ്ത് നൽകുന്നതായിരിക്കും.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, കൊല്ലം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKZD/874/2024-C2. 2025 നവംബർ 14.

കോഴിക്കോട് ജില്ലാ കൊയിലാണ്ടി താലൂക്ക് ചേമഞ്ചേരി വില്ലേജ് വെങ്ങളം ദേശത്ത് റീ സർവ്വേ നമ്പർ 1-ൽപ്പെട്ട നോർത്ത് ഓഫ് അഴിമുഖം കോരപ്പുഴയിൽ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ നമ്പർ 07/2014 ഊന്നിവല താഴെ വിളക്കുംമാടംകുനി കൃഷ്ണൻ എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

07/2014 രജിസ്റ്റർ നമ്പരുള്ള ഊന്നിവലയുടെ ഉടമസ്ഥാവകാശം താഴെ വിളക്കുംമഠത്തിൽ കൃഷ്ണൻ എന്നയാൾ മരണപ്പെട്ടതിനെ തുടർന്ന് ഭാര്യ ശ്രീമതി ലീല, താഴെ വിളക്കുമാടംകുനി എന്നവർക്ക് കോഴിക്കോട് ഫിഷറീസ് വകുപ്പിൽ നിന്നും സി 1/374/21 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ ടിയാൾ 13-7-2021 തീയതിയിൽ മരണപ്പെട്ടതിനെ തുടർന്ന് മകനും മത്സ്യത്തൊഴിലാളിയുമായ ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, കോഴിക്കോട് എന്നയാൾക്ക് കൈമാറ്റം ചെയ്യുന്നതിനായുള്ള നിരാക്ഷേപ പത്രത്തിനായി ഈ ഓഫീസിൽ അപേക്ഷിക്കുകയും ഈ ഓഫീസിലെ 8-2-2025 തീയതിയിൽ പ്രസ്തുത ജമമാറ്റത്തിന് നിരാക്ഷേപ പത്രം ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, വെങ്ങളം, കോഴിക്കോട് എന്നയാൾക്ക് അനുവദിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചേമഞ്ചേരി സബ്ബ് രജിസ്ട്രാർ ഓഫീസ് 2025-ലെ ഒന്നാം നമ്പർ പുസ്തകം 900 വാല്യം 45 മുതൽ 54 വരെ വശങ്ങളിൽ 1662-ാം നമ്പർ കൂട്ടവകാശം ഒഴിമുറി ആധാരം പ്രകാരം പ്രസ്തുത ഊന്നിവലയുടെ ഉടമസ്ഥാവകാശം ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, വെങ്ങളം, കോഴിക്കോട് എന്നയാൾക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ഊന്നിവല ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, വെങ്ങളം, കോഴിക്കോട് എന്നയാളുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ രജിസ്ട്രേഷന് അപേക്ഷകനായ ശ്രീ. ബിജു, ടി. വി., താഴെ വിളക്കുമഠത്തിൽ, കോരപ്പുഴ, വെങ്ങളം, കോഴിക്കോട് എന്നയാളുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, കോഴിക്കോട്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKNR/494/2025-D1. 2025 നവംബർ 19.

കണ്ണൂർ ജില്ല കണ്ണൂർ താലൂക്ക് മാട്ടൂൽ വില്ലേജിൽ തെക്കുമ്പാട് പടിഞ്ഞാറ് കടവിൽ 3 ഊന്നി വലകളും, മാട്ടൂൽ അഴിക്കൽ കടവിൽ 1 വലയും ചേർത്ത് ആകെ 4 വലകൾ സർട്ടിഫിക്കറ്റ് നമ്പർ FISH/KNR/SNR-No.-40 പ്രകാരം ശ്രീമതി പടിഞ്ഞാറെക്കാട്ടിൽ ദേവയാനി, കടയപ്പറമ്പിൽ ഹൗസ്, മാട്ടൂൽ സൗത്ത് എന്നവർ ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടിയാൾ പ്രസ്തുത ഊന്നി വലയുടെ ഉടമസ്ഥാവകാശം തന്റെ മകനും കണ്ണൂർ ഉൾനാടൻ മത്സ്യഗ്രാമത്തിലെ 3769-ാം അംഗത്വ നമ്പർ പ്രകാരമുള്ള ശ്രീ. സുരേഷ് കുമാർ, കടയപറമ്പിൽ ഹൗസ്. മാട്ടൂൽ എന്നയാളുടെ പേർക്ക് അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമ്മതപത്രവും മറ്റ് ബന്ധപ്പെട്ട രേഖകളും ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത ഉടമസ്ഥാവകാശ കൈമാറ്റത്തിന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മാടായി ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ ഓഫീസിലെ 10-9-2025-ലെ DDFKNR/494/2025-D1 നമ്പർ കത്ത് പ്രകാരം പ്രസ്തുത ജമമാറ്റത്തിന് നിരാക്ഷേപ പത്രം അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്.

പഴയങ്ങാടി സബ്ബ് രജിസ്ട്രാർ ഓഫീസ് 2024-ലെ നാലാം പുസ്തകം 25-ാം വാല്യം 103 മുതൽ 106 വരെ വശങ്ങളിൽ 46 നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റ് പ്രകാരം പ്രസ്തുത ഊന്നി വലകളുടെ ഉടമസ്ഥാവകാശം ശ്രീ. സുരേഷ് കുമാർ, കടയപറമ്പിൽ ഹൗസ്, മാട്ടൂൽ എന്നയാളുടെ പേർക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, കണ്ണൂർ ജില്ല കണ്ണൂർ താലൂക്ക് മാട്ടൂൽ വില്ലേജിൽ സർട്ടിഫിക്കറ്റ് നമ്പർ FISH/KNR/SNR-No.-40 പ്രകാരം തെക്കുമ്പാട് പടിഞ്ഞാറ് കടവിൽ 3 ഊന്നി വലകളും മാട്ടൂൽ അഴിക്കൽ കടവിൽ 1 വലയും ചേർത്ത് ആകെ 4 വലകൾ ശ്രീ. സുരേഷ് കുമാർ, കടയപറമ്പിൽ ഹൗസ്, മാട്ടൂൽ എന്ന വ്യക്തിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് ഉത്തരവ് നൽകുന്നതിന് ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലകളുടെ രജിസ്ട്രേഷൻ അപേക്ഷകനായ ശ്രീ. സുരേഷ് കുമാർ-ന്റെ പേർക്ക് ഉടമസ്ഥാവകാശം അനുവദിച്ച് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മാപ്പിള ബേ ഫിഷറീസ് കോംപ്ലക്സ്, കണ്ണൂർ.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKNR/547/2025-D1. 2025 നവംബർ 19.

കണ്ണൂർ ജില്ലയിലെ കാരക്കടവ് കടവിൽ 2 ഊന്നി വലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ശ്രീ. കെ. പി. അശോകൻ എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടിയാൻ 7-9-2019-ന് മരണപ്പെട്ടതായും ടിയാന്റെ പിൻതുടർച്ചാവകാശികളായ 1. ഭാര്യ ശ്രീമതി മണി, പി. കെ. 2. മകൾ ശ്രീമതി സുഗന്ധി, കെ. പി., 3. മകൻ ശ്രീ. രാജേഷ്, കെ. പി. 4. മകൻ ശ്രീ. അമൃതരാജ്, കെ. പി. 5. പരേതനായ മകൻ ശ്രീ. ജയഘോഷിന്റെ ഭാര്യ ശ്രീമതി ശാലിനി, 6. പരേതനായ മകൻ ശ്രീ. ജയഘോഷിന്റെ മകൻ ശ്രീ. റിഷിഘോഷ്, കെ. പി., 7. പരേതനായ മകൻ ശ്രീ. ജയഘോഷ്-ന്റെ മകൾ റിതുഘോഷ് എന്നിവർ ചേർന്ന് 3. മകൻ ശ്രീ. രാജേഷ്, കെ. പി. 4. മകൻ ശ്രീ. അമൃതരാജ്, കെ. പി. എന്നിവരുടെ പേരിലേക്ക് പ്രസ്തുത ഊന്നി വലകളുടെ ഉടമസ്ഥാവകാശം കൈമാറുന്നത് സമ്മതപത്രവും അപേക്ഷയും നൽകിയിട്ടുണ്ട്. ശ്രീ. രാജേഷ് കെ. പി.-യുടേയും ശ്രീ. അമൃതരാജ്, കെ. പി.-യുടെയും മത്സ്യത്തൊഴിലാളി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉടമസ്ഥാവകാശ കൈമാറ്റത്തിന് ശിപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, മാടായി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ഊന്നിവല ഉടമസ്ഥാവകാശ കൈമാറ്റത്തിന് ഫിഷറീസ് വകുപ്പിന് എതിർപ്പുകൾ ഒന്നും ഇല്ല എന്ന നിരാക്ഷേപ പത്രം ഈ ഓഫീസിലെ 23-9-2025-ലെ DDFKNR/547/2025-D1 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പഴയങ്ങാടി സബ്ബ് രജിസ്ട്രാർ ഓഫീസ് 2025-ലെ നാലാം നമ്പർ പുസ്തകം 31-ാം നമ്പർ വാല്യം 223 മുതൽ 228 വരെ വശങ്ങളിൽ 113-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റും, പഴയങ്ങാടി സബ്ബ് രജിസ്ട്രാർ ഓഫീസ് 2025-ലെ നാലാം നമ്പർ പുസ്തകം 31-ാം നമ്പർ വാല്യം 217 മുതൽ 222 വരെ വശങ്ങളിൽ 112-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റും പ്രകാരം യഥാക്രമം ശ്രീ. അമൃതരാജ്, കെ. പി. & ശ്രീ. രാജേഷ്, കെ. പി. എന്നവരുടെ പേരിലേക്ക് പ്രസ്തുത ഊന്നി വലകൾ കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ. കെ. പി. അശോകൻ എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ള കണ്ണൂർ ജില്ലയിലെ കാരക്കടവ് കടവിൽ 2 ഊന്നി വലകളിൽ ഒരെണ്ണം ശ്രീ. രാജേഷ്, കെ. പി. (S/o അശോകൻ, കെ. പി., കളത്തിൽ പറമ്പിൽ ഹൗസ്, താവം പി. ഒ., പള്ളിക്കര, ചെറുകുന്ന്, കണ്ണൂർ) എന്ന വ്യക്തിയുടെ പേർക്കും മറ്റൊരെണ്ണം ശ്രീ. അമൃതരാജ്, കെ. പി. (S/o അശോകൻ, കെ. പി., കളത്തിൽ പറമ്പിൽ ഹൗസ്, താവം പി. ഒ., പള്ളിക്കര, ചെറുകുന്ന്, കണ്ണൂർ) എന്ന വ്യക്തിയുടെ പേർക്കും അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലകളുടെ രജിസ്ട്രേഷൻ അപേക്ഷകരായ ശ്രീ. അമൃതരാജ്, കെ. പി & ശ്രീ. രാജേഷ്, കെ. പി. എന്നിവരുടെ പേർക്ക് കൈമാറ്റം അനുവദിച്ച് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
മാപ്പിള ബേ ഫിഷറീസ് കോംപ്ലക്സ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.
കണ്ണൂർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.25 01:59:27 +05:30